# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2212 13.06.2019-ൽ മറുപടിക്ക്

## കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ പുനരുദ്ധാരണം

**ചോദ്യം**

ശ്രീമതി യു. പ്രതിഭ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി എത്ര രൂപയാണ് ഈ സർക്കാർ അനുവദിച്ചിരുന്നതെന്നും എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ നടപ്പാക്കിയതെന്നും വിശദമാക്കാമോ? | | കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ സംരക്ഷണത്തിനും പരിസര വികസനത്തിനുമായി പലവിധ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണത്തിനായി 02.06.2017 ലെ സ.ഉ.(സാധാ) നം.366/2017/ സാം.കാ.വ പ്രകാരം 42,00,000/- രൂപയുള്ള ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 10.02.2019 ലെ സ.ഉ.(സാധാ) നം.61/2019/സാം.കാ.വ പ്രകാരം അധികമായി 14,79,287/- രൂപയുൾപ്പെടെ ആകെ 56,79,287/- രൂപ (42,00,000/-+ 14,79,287/-) ഈ സർക്കാർ അനുവദിക്കുകയുണ്ടായി. ടി തുകയിൽ നിന്ന് 49,75,324/- രൂപയുടെ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇതു കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ 2.06.2017 ലെ സ.ഉ.(സാധാ) നം.365/2017/സാം.കാ.വ പ്രകാരം അനുവദിച്ച 60,69,047/- രൂപ ഉപയോഗിച്ച് കൃഷ്ണപുരം പാലസിൽ CCTV സ്ഥാപിച്ചിട്ടുണ്ട്.<br><br>പരിസര വികസനത്തിന്റെ ഭാഗമായി പുൽത്തകിടിയും നടപ്പാതയും മറ്റും ഒരുക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 10.05.2018 ലെ സ.ഉ.(സാധാ) നം.339/2018/ സാം.കാ.വ പ്രകാരം 61,67,116/- രൂപ അനുവദിച്ചിരുന്നു. ഇതിൽ 38,87,154/- രൂപയുടെ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**